ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

മാർച്ച് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 2

പ്രണാമം.

ഇക്കോസ് പത്രിക ഇപ്പോൾ ധാരാളം അഭ്യാസികൾ വായിക്കുന്നുണ്ടെന്നും, രാജ്യത്തിൻെറ ഉൾപ്രദേശങ്ങളിൽ പോലും എത്തുന്നുണ്ടെന്നും അറിയുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള ലേഖനങ്ങളുടെ വരവിൽ വർദ്ധനയുണ്ട്. അവ സമാഹരിക്കുന്നത് ആനന്ദകരമായിരുന്നു.

ജനുവരി-ഫിബ്രുവരി മാസങ്ങൾ പൂജ്യ മാസ്റ്റർക്ക് വളരെ തിരക്കേറിയതായിരുന്നു. അദ്ദേഹം രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്തുകയായിരുന്നു. പത്രികയുടെ ഈ ലക്കം തയ്യാറാക്കുമ്പോൾ അദ്ദേഹത്തിൻെറ വടക്കെ ഇന്ത്യൻ പര്യടനം തുടരുകയാണ്.

പൂജ്യ ലാലാജിയുടെ ജന്മദിനാഘോഷം, സോണൽ/സെൻറർ ഇൻ ചാർജ്ജുമാരുടെ യോഗം, വിവിധ അഭ്യാസി പരിശീലന പരിപാടികൾ, മൂല്യാധിഷ്ഠിത വിദ്യഭ്യാസ പരിപാടികൾ പിന്നെ ബാംഗ്ലൂരിൽ നടന്ന യുവാക്കളുടെ യോഗം എന്നിവയൊക്കെയാണ് ഈ ലക്കത്തിലെ വാർത്തകളിൽ ചിലത്. പ്രകാശ കേന്ദ്രം വിഭാഗം ഇത്തവണ ഷാജഹാൻപൂർ ആശ്രമത്തെക്കുറിച്ചാണ്. ഏപ്രിൽ 30-ന് പ്രകാശനം ചെയ്യാനിരിക്കുന്ന 'വിസ്പേഴ്സ് ഫ്രം ദ ബ്രൈറ്റർ വേൾഡ്'ൻെറ 2-ാം ഭാഗം മാസ്റ്റർ നമുക്കു തരുന്ന മറ്റൊരു സമ്മാനമാണ്.

മെയ് 2009 ലക്കത്തിലേക്ക് വാർത്താലേഖനങ്ങൾ സ്വീകരിക്കുന്ന അവസാന തീയ്യതി 2009 ഏപ്രിൽ 15-ാണ്. വിവിധതരം ഫോട്ടോകൾ സഹിതം ലേഖനങ്ങൾ അതാത് സോണൽ ഇൻ ചാർജ്ജ് മുഖേന ദയവായി അയച്ചു തരുക.

സ്നേഹപൂർവ്വം

എഡിറ്റോറിയൽ ടീം

## മാസ്റ്ററുടെ പര്യടനം - ജനുവരി - ഫിബ്രുവരി 2009

പൊങ്കൽ ആഘോഷ സമയത്ത് മാസ്റ്റർ ചെന്നൈയിലുണ്ടായിരുന്നു. ധാരാളം അഭ്യാസികൾ അവധിക്കാലത്ത് മണപ്പാക്കം ആശ്രമം സന്ദർശിച്ചു. ഈ ആഘോഷ വേളയിൽ മാസ്റ്റർ നിരവധി വിവാഹങ്ങൾക്ക് കാർമ്മികത്വം നിർവഹിച്ചു. ജനുവരി 19-ന് മാസ്റ്റർ രാമപുരത്തേക്ക് കാറിൽ യാത്ര തിരിച്ചു (ഇവിടെയുള്ള ആശ്രമത്തിൻെറ ഉദ്ഘാടനം അദ്ദേഹം 1991-ൽ നിർവ്വഹിച്ചിരുന്നു). സത്സംഗത്തിനു ശേഷം അദ്ദേഹം ഒരു മണിക്കൂർ യാത്രാദൂരമുള്ള ചിറ്റൂരിലേക്ക് യാത്ര തിരിച്ചു. അവിടെ എത്തിയ ഉടനെ അദ്ദേഹം അവിടെ സന്നിഹിതരായിരുന്ന ഏകദേശം 1100-ഓളം അഭ്യാസികൾക്കായി സത്സംഗം നടത്തി. സത്സംഗത്തിനു ശേഷം അദ്ദേഹത്തിൻെറ താമസത്തിനായി തയ്യാറാക്കിയിരുന്ന കോട്ടേജിൻെറ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിച്ചു. പിന്നീട് ഒരു സ്വകാര്യ സംഭാഷണത്തിൽ മരണത്തെക്കുറിച്ച് സംസാരിക്കവേ അദ്ദേഹം യാത്രക്കാർ സഞ്ചരിക്കുന്ന ഒരു ട്രെയിനുമായുള്ള സമാനതകൾ ചൂണ്ടിക്കാട്ടി. അതിൽ ചില യാത്രക്കാർ ഇറങ്ങിപ്പോകുകയും പുതിയവർ വരികയും ചെയ്യുന്നു. പക്ഷെ നമ്മൾ ആരേക്കുറിച്ചോർത്തും വിഷമിക്കാറില്ല. അതു പോലെ ഉറ്റവരോ ഉടയവരോ നമ്മെ വിട്ടു പോകുകയാണെങ്കിൽ, അവരുടെ മരണം അഭ്യാസികളുടെ ആന്തരിക സ്വച്ഛതയേയും ശുദ്ധിയേയും ബാധിക്കതിരിക്കാൻ ശ്രമിക്കണം.

ഒരു ചെറു വിശ്രമത്തിനു ശേഷം മാസ്റ്റർ വൈകുന്നേരം മറ്റൊരു സത്സംഗം നടത്തി. തുടർന്ന് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം മാറ്റത്തെ സ്വീകരിക്കാൻ ജനങ്ങളെഗുണദോഷിച്ചു, അതിനായി നമ്മൾ ധ്യാനിക്കണമെന്നും അദ്ദേഹം പറഞ്ഞു. 20-ന് കാലത്ത് സത്സംഗം നടത്തിയ ശേഷം മാസ്റ്റർ തിരുപ്പതിയിലേക്ക് പോയി.

തിരുപ്പതിയിൽ എത്തിയ ഉടനെ മാസ്റ്റർ അവിടെ സന്നിഹിതരായിരുന്ന ഏകദേശം 1500 അഭ്യാസികൾക്കായി സത്സംഗം നടത്തി. അതിനു ശേഷം അദ്ദേഹം പ്രസംഗിച്ചു. കോട്ടേജിൽ ഇക്കോസ് പത്രികയുടെ ജനുവരി 2009 ലക്കം നോക്കിക്കൊണ്ടിരുന്ന മാസ്റ്റർ വളരെ സന്തോഷത്തോടെയും ഉത്സാഹത്തോടെയും കാണപ്പെട്ടു. അതിൽ പ്രസിദ്ധീകരിച്ചിരുന്ന ചില ചിത്രങ്ങൾ അദ്ദേഹത്തിന് ഗൃഹാതുരത്വം നിറഞ്ഞ നിരവധി ഓർമ്മകൾ സമ്മാനിച്ചു. ഉച്ചയൂണിനു ശേഷം ചിറ്റൂരിലേക്ക് പോയ മാസ്റ്റർ, അതിനടുത്ത ദിവസം ചെന്നൈയിലേക്ക് മടങ്ങി.










മാസ്റ്റർ 23-ന് അഹമ്മദാബാദിലെത്തി. 24-ന് കാലത്ത് അഡലജ് ആശ്രമത്തിൽ, അഭ്യാസികളെല്ലാവരും മാസ്റ്റർ വരുന്നതിന് വളരെ മുൻപ് തന്നെ അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നതിനാൽ, ധ്യാനമന്ദിരത്തിലേക്ക് എത്തിയ അദ്ദേഹത്തിന് അവിടത്തെ നിശ്ശബ്ദത വളരെയധികം ഇഷ്ടപ്പെട്ടു. സത്സംഗത്തിന് ശേഷം സഹോ. രഞ്ജന മെഹ്ത അതി മധുരമായി ഭജനുകൾ ആലപിച്ചു. വൈകുന്നേരം മാസ്റ്റർ വിശ്രമിക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നെങ്കിലും എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് മാസ്റ്റർ അവിടെ തങ്ങുന്ന കാലയളവിൽ അഞ്ച് സിറ്റിങ്ങുകൾ നൽകുമെന്ന് പ്രഖ്യാപിച്ചു. ഇത് എല്ലാ അഭ്യാസികൾക്കും ഔദ്യോഗിക പദവി വഹിക്കുന്നവർക്കും മിഷൻെറ ജോലികൾ ചെയ്യുന്നതിൽ കാണിക്കേണ്ട തിടുക്കത്തെപ്പറ്റിയും നമ്മുടെ നിലനിൽപ്പിൻെറ ആദ്ധ്യാത്മിക തലത്തിനെ തിരിച്ചറിയുന്നതിനും അതിനു നൽകേണ്ട പ്രാധാന്യത്തെക്കുറിച്ചും വ്യക്തമായി സന്ദേശം നൽകി.



26-ന് സത്സംഗത്തിന് ശേഷം ഗുജറാത്തി യുവജനങ്ങൾ അവതരിപ്പിച്ച പരമ്പരാഗത നൃത്തങ്ങളായ "ഗർഭ" യും "രസ" യും മാസ്റ്റർ ആസ്വദിച്ചു. പിന്നീടദ്ദേഹം ഗുജറാത്തിലേയും സമീപ സംസ്ഥാനങ്ങളിലേയും ഏകദേശം 140 പ്രിസപ്റ്റർമാരുടെ ഒരു യോഗം വിളിച്ച് ചേർത്തു. സിറ്റിങ്ങിനു പുറമെ അദ്ദേഹം ഒരു പ്രഭാഷണവും ചെയ്തു. ക്ഷീണിതനായ അദ്ദേഹത്തിന് കുറച്ച് വിശ്രമത്തിനുശേഷം ശാന്തമായൊരു സായാം ലഭിച്ചു..

മാസ്റ്റർ 27-ന് ഉച്ചയോടെ ദില്ലിയിലെത്തി. പിറ്റേന്ന് കാലത്ത് സോണൽ ആശ്രമം സന്ദർശിച്ച അദ്ദേഹം അവിടെ സത്സംഗം നടത്തി. വിവിധ സെൻററുകളിൽ നിന്നും വന്ന ഏകദേശം 2500 അഭ്യാസികൾ സത്സംഗത്തിൽ പങ്കെടുത്തു. സത്സംഗത്തിനിടക്ക് ഒരു അഭ്യാസിയുടെ മൊബൈൽ ഫോൺ ശബ്ദിച്ചു. സത്സംഗത്തിന് ശേഷം മാസ്റ്റർ ആ അഭ്യാസിയോട് വേദിയിൽ വന്ന് അവിടെ സന്നിഹിതരായിരുന്ന എല്ലാ അഭ്യാസികളോടുമായി മാപ്പ് അപേക്ഷിക്കാൻ പറഞ്ഞു. 29-ന് കാലത്ത് അദ്ദേഹം സത്കോലിലേക്ക് പോയി.




ജനുവരി 29-ന് മാസ്റ്റർ മൊറാദാബാദിലെത്തി. നൂറുകണക്കിന് അഭ്യാസികൾ അദ്ദേഹത്തിന് ആശംസകൾ നേരുവാനായി റോഡിനിരുവശത്തുമായി വരി വരിയായി നിന്നു. അന്ന് രാത്രി രുദ്രാപ്പൂരിൽ തങ്ങിയ മാസ്റ്റർ, പിറ്റേന്ന് രാവിലെ പ്രാതലിന് ശേഷം സത്കോലിലേക്ക് പോയി.

ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
മാസ്റ്ററുടെ പര്യടനം

മാർച്ച് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 2

മാസ്റ്ററെ സത്കോൽ സ്വാഗതം ചെയ്തത് ഒരു ഗാനത്തോടെയായിരുന്നു. കഠിനമായ യാത്രയായിരുന്നെങ്കിലും സരസമായ സംഭാഷണത്തോടും വിനീതമായ അന്വേഷണത്തോടും കൂടി മാസ്റ്റർ അഭ്യാസികളോടൊപ്പം സമയം ചെലവഴിച്ചു. ഹൈന്ദവ പഞ്ചാംഗപ്രകാരം ജനുവരി 31-ാം തിയ്യതി ആയിരുന്നു പൂജ്യ ലാലാജി മഹരാജിൻെറ ജന്മദിനം. ഇത് പുണ്യ ബസന്തിൽ വെച്ച് ഏറ്റവും പുണ്യമായിട്ടുള്ളതാണെന്ന് മാസ്റ്റർ വിശേഷിപ്പിച്ചു. പർവ്വത പ്രദേശത്തെ സവിശേഷമായ ഒരു തൊപ്പി അദ്ദേഹത്തിന് ഒരു അഭ്യാസി സമ്മാനിച്ചു. വളരെ ആഹ്ലാദത്തോടെ അദ്ദേഹം ആ തൊപ്പി ധരിക്കുകയും സ്ഥാനം മാറുമ്പോൾ ചിലപ്പോൾ പൂർവ്വ സ്ഥിതിയിലാക്കുകയും ചെയ്തു.






ഫിബ്രവരി ഒന്നാം തിയ്യതി വിവേകാനന്ദ സ്മാരകത്തിന് കേൾവികേട്ട അൽമോറ എന്ന സ്ഥലം മാസ്റ്റർ സന്ദർശിച്ചു. ആ സ്മാരകം സന്ദർശിച്ചപ്പോൾ മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "ഞാൻ 1958-ഇൽ ഇവിടെ വന്ന് ധ്യാനിച്ചിട്ടുണ്ട്, ഞാൻ സഹജമാർഗ്ഗത്തിൽ ചേരുന്നതിന് 6 വർഷം മുൻപായിരുന്നു അത്. എനിക്ക് തീർച്ചയുണ്ട് ഈ സ്ഥലത്തു തന്നെയാണ് വിവേകാനന്ദ സ്വാമികളുടെ പാദം പതിഞ്ഞതെന്ന്". ഒരു അഭ്യാസിയുടെ വീട്ടിൽ നിന്നും ഉച്ചഭക്ഷണത്തിന് ശേഷം മാസ്റ്റർ അദ്ദേഹത്തെ കാണാൻ കാത്തുനിന്നിരുന്ന കുറച്ച് അഭ്യാസികളുമായി സമയം ചെലവഴിച്ചു. വിദ്യാഭ്യാസമാണോ ധ്യാനമാണോ പ്രധാനം എന്നറിയാൻ ആഗ്രഹിച്ച ഒരു വിദ്യാർത്ഥിയോടുള്ള അദ്ദേഹത്തിൻെറ മറുപടി ഇങ്ങനെയായിരുന്നു, "ഒരു വിദ്യാർത്ഥി പഠനത്തിൽ ശ്രദ്ധിക്കണം". ഒരു സഹോദരി അവരുടെ ഭർത്താവിനെ എപ്രകാരം ധ്യാനത്തിന് പ്രേരിപ്പിക്കണം എന്നറിയാൻ ആഗ്രഹിച്ചപ്പോൾ, "അദ്ദേഹത്തെ നിർബന്ധിക്കരുത്. നിങ്ങൾ സ്വയം സാധന കൊണ്ട് ഒരു നല്ല മനുഷ്യനാകുക, അങ്ങനെ നിങ്ങളുടെ ഭർത്താവിനെ നിങ്ങളെപോലെയാകാൻ പ്രേരിപ്പിക്കുക", എന്നദ്ദേഹം പറഞ്ഞു.




പാശ്ചാത്യ പഞ്ചാംഗ പ്രകാരം പൂജ്യ ലാലാജി മഹരാജിൻെറ ജന്മദിനം ഫിബ്രവരി 2-ാം തിയ്യതി ആയിരുന്നു. സത്സംഗത്തിന് ശേഷം വളരെ പെട്ടെന്നു തന്നെ പ്രവർത്തനനിരതനാവുന്ന ഒരു അഭ്യാസിയെ കണ്ട് മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "നാം നമ്മുടെ ധ്യാനാവസ്ഥയിൽ തന്നെ ലീനമായിരിക്കുക. സത്സംഗത്തിനുശേഷം പെട്ടെന്ന് തന്നെ പ്രവൃത്തിയിൽ ഏർപ്പെടരുത്". അദ്ദേഹം ലാലാജി മഹാരാജിൻെറ ജീവിതത്തെപ്പറ്റിയുള്ള ഒരു ഡി.വി.ഡി പ്രകാശനം ചെയ്യുകയും സഹജമാർഗ്ഗത്തിലെ ഗുരുപരമ്പരയെ പറ്റിയുള്ള ഒരു ലഘു നാടകം കണ്ടാസ്വദിക്കുകയും ചെയ്തു. അതിനു ശേഷം "വിസ്പേർസ് - വാല്യം 2†3" -ൻെറ പ്രസിദ്ധീകരണത്തെക്കുറിച്ച് എല്ലാവരേയും അറിയിച്ചു കൊണ്ട് ഒരു പ്രസംഗം നടത്തി. ഫിബ്രവരി 3-ാം തീയ്യതി മാസ്റ്റർ പ്രകൃതിരമണീയമായ നൗകുച്യതാൽ എന്ന സ്ഥലം സന്ദർശിച്ചു. ഒരു അനൗപചാരിക സംഭാഷണത്തിൽ മാസ്റ്റർ ഇപ്രകാരം പറഞ്ഞു, "മുഖത്ത് രൗദ്ര ഭാവമുള്ള ആളുകളെ നിരാകരിക്കുക. സന്യാസികളുടെ മുഖത്ത് എല്ലായ്പ്പോഴും ആനന്ദം കാണാം. ധർമ്മാത്മക്കളോടുള്ള കൂറും ഉചിതമായ സമയത്തുള്ള സത്യസന്ധതയും പവിത്രതയും ആത്മീയത ജനിപ്പിക്കുന്നതിൽ വളരെയധികം സഹായിക്കും".




ദില്ലിക്ക് പോകുന്ന വഴിയിൽ ഫിബ്രവരി 5-ാം തീയ്യതി മാസ്റ്റർ 'ഹാപുർ' ആശ്രമം ഉദ്ഘാടനം ചെയ്തു. ഫിബ്രവരി 7-ാം തീയ്യതി മാസ്റ്റർ സോണിപത് ആശ്രമത്തിൻെറ ഉദ്ഘാടനം നിർവഹിച്ചു. അദ്ദേഹം വളരെ സന്തോഷവാനും ഉല്ലാസവാനുമായിരുന്നു. സത്സംഗത്തിനു ശേഷമുള്ള പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു, "നിശ്ശബ്ദതയാണ് ദൈവത്തിൻെറ ഭാഷ, എന്നാൽ സ്നേഹത്തിന് ഭാഷയില്ല. അച്ചടക്കമില്ലാതെ സ്നേഹമില്ല. ആത്മീയതയില്ലാതെ അച്ചടക്കമില്ല". "സ്നേഹത്തിന് രൂപവും മതവുമില്ല. ഭിന്നതയെ തിരസ്കരിക്കുന്നതിലൂടെ മാത്രമേ ലോകസാഹോദര്യത്തേയും സ്നേഹത്തേയും നമ്മുടെ ഹൃദയത്തിൽ ജ്വലിപ്പിക്കാൻ കഴിയുകയുള്ളു" എന്ന യാഥർത്ഥ്യം അദ്ദേഹം ഉദ്ഘോഷിച്ചു. പിന്നീട് സഹോ.ഗുരുപ്രീതിൻെറ സ്വരമാധുരിയാർന്ന ഭക്തി ഗാനങ്ങൾ ധ്യാന മന്ദിരം മുഖരിതമായി.

ഫിബ്രവരി 8-ാം തീയ്യതി മാസ്റ്റർ ജയ്പ്പൂരിൽ എത്തിച്ചേർന്നു. അഭ്യാസികൾ അദ്ദേഹത്തെ ഒരു നോക്കു കാണുവാൻ വേണ്ടി നിര നിരയായ് നിന്നിരുന്നു. അദ്ദേഹം എത്തിയപ്പോൾ അവരിൽ ആനന്ദം നിറഞ്ഞു. മാസ്റ്റർ എത്തുന്നതിനു മുൻപേ തന്നെ ധ്യാന മന്ദിരത്തിൽ 10-ാം തീയ്യതി രാവിലെ ഉപവിഷ്ടരായിരുന്ന ഏകദേശം 2300-ഓളം അഭ്യാസികൾക്കായി അദ്ദേഹം സത്സംഗം നടത്തി. കുറേ അഭ്യാസികൾ അവരുടെ കുട്ടികളെമാസ്റ്ററെക്കൊണ്ട് നാമകരണം ചെയ്യിക്കുവാനായി കൊണ്ടുവന്നിരുന്നു. ഇനി മുതൽ അദ്ദേഹം കുട്ടികൾക്ക് നാമകരണം ചെയ്യുന്നത് അദ്ദേഹം നൽകുന്ന പേരിനോടൊപ്പം മാതാപിതാക്കൾ ജാതിപ്പേരോ കുടുംബപ്പേരോ ചേർക്കുകയില്ല എന്ന ഉപാധിയിലായിരിക്കുമെന്ന് ഈ അവസരത്തിൽ പറഞ്ഞു. തൻെറ ഭർത്താവ് മിഷനിൽ ചേർന്നിട്ടില്ല എന്നു പറഞ്ഞ ഒരു സഹോദരിയോട് അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു, "അദ്ദേഹം വരും, നിഷേധ ചിന്തകളാണ് വരവിനെ വൈകിക്കുന്നത്. നിങ്ങൾ അദ്ദേഹത്തെ കൂടെ കൊണ്ടുവരണം".



11-ാം തീയ്യതി രാവിലെ സത്സംഗത്തിനു ശേഷം 'അന്തിമലക്ഷ്യം' എന്ന വിഷയത്തെ പ്രതിപാദിക്കുന്ന ഒരു "മഹാഭാരതം" നാടകം അവതരിപ്പിക്കപ്പെട്ടു. ഒരു അനൗപചാരിക സംഭാഷണത്തിൽ മാസ്റ്റർ നിയതിക്കധീനമായ ജീവിതം എന്നൊന്നില്ല എന്ന് പറഞ്ഞു. ഒരർത്ഥത്തിൽ എന്തും സംഭവിക്കാം എന്നാൽ എന്ത് സംഭവിക്കും എന്നത് നമ്മുടെ ഇച്ഛാശക്തിക്ക് അനുസരിച്ചായിരിക്കും.

മാസ്റ്റർ 12-ാം തീയ്യതി ജയ്പ്പൂരിൽ നിന്നും ദില്ലി സോണൽ ആശ്രമത്തിൽ എത്തിച്ചേർന്നു. അദ്ദേഹം വൈകീട്ട് സത്സംഗം നടത്തി. അവിടെ മുഴുവൻ ഒരു ഉത്സവചരായ ഉണ്ടായിരുന്നു. മാസ്റ്റർ ആദ്യമായിട്ട് അവിടുത്തെ കോട്ടേജിൽ അന്തിയുറങ്ങി. അദ്ദേഹം രാവിലെ സത്സംഗം നടത്തിയിട്ട് ഉച്ചക്ക്ശേഷം ഭോപ്പാലിലേക്ക് പുറപ്പെട്ടു. ഫിബ്രവരി 15-ാം തീയ്യതി ഭോപ്പാലിൽ അദ്ദേഹം ധ്യാനമന്ദിരത്തിൻെറ ഉദ്ഘാടനം നടത്തി. ആശ്രമം ഭോപ്പാലിൽ നിന്നും 15 കിലോമീറ്റർ അകലെ "ആദംപൂർ ചാവ്നി" എന്ന ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. സത്സംഗത്തിന് ശേഷം മാസ്റ്റർ രണ്ട് വിവാഹങ്ങൾ നടത്തി. 16-ാം തീയ്യതി അദ്ദേഹം ഇൻഡോർ ആശ്രമത്തിലെ ധ്യാനമന്ദിരത്തിൻെറ ഉദ്ഘാടനം നടത്തി. സഹോ. അജയ് ഭട്ടർ ഈ അവസരത്തിൽ പ്രസംഗിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ആശ്രമം ധ്യാനത്തിന് വേണ്ടിയും മാസ്റ്ററെ നമ്മുടെ അന്തിമലക്ഷ്യമായി പ്രതിഷ്ഠിച്ചു കൊണ്ട് നമ്മളിൽ അദ്ദേഹത്തെ കണ്ടെത്തുവാനായും ഉപയോഗിക്കുക". ഭാവിയിൽ കൂടുതൽ ആളുകൾ അത്മീയത സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ആശ്രമം ഏകദേശം 800 ആളുകളെ ഉൾക്കൊള്ളാവുന്നതും നഗരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നതുമാണ്. മാസ്റ്റർ 18-ാം തീയ്യതി രാവിലെ മുംബൈയിലേക്ക് പോയി. അദ്ദേഹം ഹ്രസ്വ വിശ്രമത്തിനായി 19-ാം തീയ്യതി കൊൽക്കത്തക്കും അതിനുശേഷം മറ്റു സ്ഥലങ്ങളിലേക്കും പോകുന്നതിന് മുൻപായി ഒരു ദിവസം മുംബൈയിൽ താമസിച്ചു.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
ഹെഡ്ക്വാർട്ടേർസ് ന്യൂസ്
മാർച്ച് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 2

## പ്രബന്ധ മത്സരഫലങ്ങൾ





ഏകദേശം 75000 വിദ്യാർഥികൾ മത്സരിച്ച 2008–ലെ പ്രബന്ധമത്സരത്തിന്റെ ഫലപ്രഖ്യാപനം നടന്നു. ഈ മത്സരം ഇംഗ്ലീഷിലും, ഹിന്ദിയിലും പിന്നെ വിവിധ ഭാഷകളിലുമായി നടത്തുകയുണ്ടായി. ജൂനിയർ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയ വിഷയം 'സത്യം ധൈര്യമാണ്' എന്നതും സീനിയർ വിഭാഗത്തിന്റെ വിഷയം 'ആത്മാഭിമാനവും ആത്മവിശ്വാസവും സ്വഭാവ രൂപീകരണത്തിന് സഹായകരമാകുന്നു' എന്നതുമായിരുന്നു.

ഇംഗ്ലീഷിൽ നടന്ന ജൂനിയർ വിഭാഗത്തിലെ വിജയികൾ ആകാംക്ഷ (പൂനെ), അമൽ(ഡൽഹി), സുഷമ(ഹൈദരാബാദ്), അരുൺ(വടകര,കേരളം), ഡെബോർപ്രിയ (റാഞ്ചി), ദിവ്യ(ഗാസിപൂർ, യു.പി), നൈന(മൊഹാലി), സനിക(നാസിക്) പിന്നെ സിദ്ധാന്ത്(ശക്തിനഗർ, യു.പി). സീനിയർ വിഭാഗത്തിലെ വിജയികൾ അനുരാധ (നൈനിറ്റാൽ), നരേഷ്(ജൈപൂർ), സമീന(ഇൻഡോർ) അനൂപ്(നാമക്കൽ, ടി.എൻ), ദിവ്യ(നോയിഡ), ഇഷിക(കുല്ലു,യു.പി), കീർത്തൻ(ചെന്നൈ), സ്നേഹൽ(പൂനെ) പിന്നെ വരുൺ(ജലന്ധർ).




## പുതിയ പ്രസിദ്ധീകരണങ്ങൾ

### "ലാലാജിയുടെ ജീവിതം" ഡിവിഡികളും പുസ്തകവും




"ലാലാജിയുടെ ജീവിതം" എന്ന ഡിവിഡികൾ ലാലാജിയുടെ ജന്മദിനാഘോഷത്തിൽ സമർപ്പിക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങൾക്കു മുൻപ് പൂനെ സെൻറർ അഭ്യാസികൾ അഭിനയിച്ച ശ്രീ ലാലാജിയുടെ ജീവിതത്തെയും അദ്ദേഹത്തിന്റെ ശിക്ഷണ(സിദ്ധാന്തങ്ങൾ)ത്തേയും കുറിച്ചുള്ള ഒരു ചലച്ചിത്രം വീഡിയോ കാസറ്റിൽ പുറത്തിറങ്ങിയിരുന്നു. അഭ്യാസികളുടെ ആവശ്യാനുസരണം അതിനെ പുതിയ ഡിവിഡികളിലും പുസ്തകരൂപത്തിലുമാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതിൽ ലാലാജിയുടെ അമൂല്യ ചിത്രങ്ങളുമടങ്ങിയിട്ടുണ്ട്.

### സഹജമാർഗ്ഗ ലഘുലേഖ




ആദ്ധ്യാത്മിക ജീവിതം തുടരാൻ ആഗ്രഹിക്കുന്നവർക്ക് ഇത് സഹജമാർഗ്ഗത്തെക്കുറിച്ചു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. സഹജമാർഗ്ഗത്തിൽ ചേരാൻ താത്പര്യമുള്ളവർക്ക് നൽകാൻ പറ്റിയ ഒരു ലഘുലേഖയാണ്. ഇതിൽ പ്രതിപാദിച്ചിരിക്കുന്നത് സഹജ മാർഗ്ഗ സിദ്ധാന്തത്തിന്റെ പ്രായോഗികതയേപ്പറ്റിയും പിന്നെ നമുക്ക് ഏറ്റവും അടുത്ത് ബന്ധപ്പെടാൻ സാധിക്കാവുന്ന വ്യക്തികളുടെ വിവരണങ്ങളും അടങ്ങുന്നതാണ്.



## മിഷന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

പൊങ്കൽ എന്ന തമിഴ്നാട്ടിലെ വിളവെടുപ്പുത്സവത്തിന്റെ ഒരാഴ്ച മുൻപ് ചെന്നൈ ബാബുജി മെമ്മോറിയൽ ആശ്രമം കുറെയേറെ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഇന്ത്യയിലെ എല്ലാ ഭാഗത്തുനിന്നുമുള്ള സെൻറർ ഇൻ ചാർജ്ജുമാർ, പ്രവർത്തക സമിതി അംഗങ്ങൾ, സോണൽ ഇൻ ചാർജ്ജുമാർ എന്നിവരടങ്ങിയ 200–ൽ പരം ഭാരവാഹികൾ 2009 ജനുവരി 10–ാം തീയ്യതി മുതൽ 12–ാം തീയ്യതി വരെ അവരുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി എത്തിയിരുന്നു.

ജനുവരി 10–ാം തീയ്യതി മാസ്റ്റർ സോണൽ ഇൻ ചാർജ്ജുമാരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. അടുത്ത ദിവസവും മാസ്റ്റർ എല്ലാവരെയും അഭിസംബോധന ചെയ്ത് സംസാരിച്ചു. മാസ്റ്റർ മിഷനിൽ കുറവായി വരുന്ന അച്ചടക്കത്തെക്കുറിച്ച് വിമർശിച്ചു. ഇത് ശ്രദ്ധിക്കാതിരുന്നാൽ മിഷന്റെ വിഘടനത്തിന് അത് കാരണമാകും. ബാബുജി, 1966–ൽ വളരെ വേദനയോടെ ജാതി മതഭേതമെന്യേ അഭ്യാസികളെ ഒന്നിക്കുന്നതിൽ താൻ ഒരു പരാജയമാണെന്ന് പറഞ്ഞതിന് നാല് ദശകങ്ങൾക്ക് ശേഷം പോലും മിഷനിൽ ജാതി വിഭാഗീയത നിലനിൽക്കുന്നതിനെ മാസ്റ്റർ അപലപിച്ചു.

മാസ്റ്ററെ ദിവ്യമായി സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും നമുക്ക് സേവനത്തിലൂടെ അദ്ദേഹത്തിന്റെ അനുഗ്രഹത്തിനു പാത്രമാവാൻ കഴിയും അതാണ് ഏറ്റവും എളുപ്പമായ മാർഗ്ഗം എന്ന് മാസ്റ്റർ പറഞ്ഞു.

അടുത്ത കാലങ്ങളിൽ നടത്തിവന്ന പ്രസംഗങ്ങളിലും അനൗപചാരിക സംഭാഷണങ്ങളിലും നിരവധി തവണ മാസ്റ്റർ പറയുന്ന നമ്മളിലെ ബാഹ്യമായ മാറ്റങ്ങളുടെ അഭാവത്തെക്കുറിച്ച് അദ്ദേഹത്തിൽ നിന്നും കേൾക്കാൻ കഴിഞ്ഞത് വളരെ വേദനാജനകമായ അനുഭവമായിരുന്നു.

സെൻറർ ഇൻ ചാർജ്ജുമാർക്കായുള്ള ഈ ശിൽപശാലയിൽ മിഷന്റെ ഭരണത്തെപ്പറ്റിയും, വരവ് ചിലവ് കണക്കുകളെപ്പറ്റിയും, പ്രസിദ്ധീകരണങ്ങൾ, സുരക്ഷ മറ്റുമുള്ള നിരവധി കാര്യങ്ങളെപ്പറ്റി അവരെ പരിശീലിപ്പിക്കാനും ബോധവാന്മാരാക്കാനുമുള്ള നിരവധി പരിപാടികൾ അവതരിപ്പിക്കപ്പെട്ടു. ഇതിൽ പങ്കെടുത്തവർക്ക് അവതാരകരുമായി, സംശയങ്ങൾ തീർക്കുന്നതിന് വളരെയധികം സഹായിച്ച, ഒരു ചോദ്യോത്തര വേളയുമുണ്ടായിരുന്നു. ഈ പരിപാടി എല്ലാ രണ്ടു വർഷത്തിലൊരിക്കൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.




## പ്രത്യേക പ്രസിദ്ധീകരണങ്ങൾ

"വിസ്പേർസ് ഫ്രം ദി ബ്രൈറ്റർ വേൾഡ്" ഇതിന്റെ രണ്ടാം ലക്കം ഏപ്രിൽ 30–ാം തീയ്യതി പുറത്തിറക്കുന്നതാണ്.

വളരെ മിതമായ സംഭാവന കൊണ്ട് കിട്ടാവുന്ന വിധത്തിലാണ് മാസ്റ്റർ ഇതിനെ തരപ്പെടുത്തിയിരിക്കുന്നത്. കൂടിതൽ വിവരങ്ങൾക്കായി നിങ്ങളുടെ അടുത്ത എസ്.ആർ.സി.എം. ഭരണാധികാരിയെ സമീപിക്കുക.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽ തലത്തിലെ പരിപാടികൾ
മാർച്ച് 2009
സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം
വാല്യം 2 ലക്കം 2

# പൂജ്യ ലാലാജിയുടെ ജന്മദിനാഘോഷ പരിപാടികൾ



## ആലുവ, കേരളം

ആലുവ സെൻറർ ഒരു മുഴുദിന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഈ ദിവസം രാവിലെ 9–നും വൈകിട്ട് 5–നും സത്സംഗം ഉണ്ടായിരുന്നു. ലാലാജിയുടെ ജീവിതത്തെയും ദർശനത്തെയും പ്രതിപാദിക്കുന്ന ഒരു വീഡിയോ പ്രദർശനം നടത്തുകയുണ്ടായി. ചില അഭ്യാസികൾക്ക് ഹിന്ദിയിലുള്ള പരിജ്ഞാനം കുറവുള്ളതുകൊണ്ട് അവർക്ക് മനസ്സിലാക്കുവാൻ വേണ്ടി ഈ വീഡിയോയിലെ സംഭാഷണങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് അവ വീഡിയോയുടെ ഇടയിൽ വായിച്ചു കൊടുക്കുകയുണ്ടായി. അത് ഈ വീഡിയോ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സഹായിച്ചു. ഈ പരിപാടി ഉദ്ദേശിച്ച പോലെ എല്ലാവരെയും നിരന്തര സ്മരണയിൽ മുഴുകുവാൻ സഹായിച്ചു.

## ഗുൽബർഗ്ഗ, കർണ്ണാടകം

കർണ്ണാടകയിലെ ഗുൽബർഗ്ഗ ജില്ലയിൽ 250 അഭ്യാസികളും 70 കുട്ടികളും ഒരു മുഴുദിന പരിപാടിക്കായി ഗുൽബർഗ്ഗയിൽ ഒത്തുചേർന്നു. ഈ പരിപാടിയിൽ പങ്കെടുക്കാനായ് തലേ ദിവസം മുതൽ തന്നെ അഭ്യാസികൾ എത്തിയിരുന്നു. അഭ്യാസികൾക്കായി താമസ സൗകര്യവും ഭക്ഷണവും ഏർപ്പെടുത്തിയിരുന്നു. ഫിബ്രുവരി 2–ാം തീയ്യതിയിൽ 9 മണിക്കായിരുന്നു സത്സംഗം. പ്രാതലിനുശേഷം ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കിയ ഒരു വീഡിയോ പ്രദർശനം ഉണ്ടായിരുന്നു. ഊണിനുശേഷം കുട്ടികളുടെ നൃത്തവും, പാട്ടും പിന്നെ മുതിർന്നവരുടെ ഭക്തി ഗാനാലാപനവും ഉണ്ടായിരുന്നു. വൈകുന്നേരത്തെ സത്സംഗം 5 മണിക്കായിരുന്നു. മാസ്റ്ററുടെ അനുഗ്രഹം ആ ദിവസം മുഴുവനും എല്ലാവർക്കും അനുഭവവേദ്യമായി. വളരെ ലളിത്യത്തോടെയും, സ്നേഹത്തോടെയും സംഘടിപ്പിച്ച ഈ പരിപാടി എല്ലാ അഭ്യാസികളും വളരെയധികം അനുമോദിച്ചു.

## വി.ജി.ടി., ആന്ധ്രപ്രദേശ്

ഗുണ്ടൂർ ജില്ലയിലെ , കാസിപേട്ടിൽ പുതുതായി വാങ്ങിയ റീജ്യണൽ ആശ്രമത്തിൻെറ (50 ഏക്കർ) സ്ഥലത്ത് വെച്ചായിരുന്നു പരിപാടി സംഘടിപ്പിച്ചത്. അടുത്തുള്ള ചെറിയ സെൻററുകളിൽ നിന്നും കുട്ടികളടക്കം 1000 അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു.

കാലത്തെ സത്സംഗത്തിനു ശേഷം ലാലാജിയുടെ ജീവചരിത്രവും ദർശനങ്ങളുമടങ്ങിയ പുസ്തകങ്ങൾ പാരായണം ചെയ്യപ്പെടുകയുണ്ടായി. സഹജ മാർഗ്ഗ സത്തയെ എടുത്തു കാണിച്ച കുട്ടികളുടെ ലഘു നാടകവും, ചിത്ര രചനയും, പദ്യപാരായണവും എല്ലാം ഉത്തേജകജനകമായിരുന്നു, അതിനുമുപരി ഇത് വരും തലമുറകളുടെ അദ്ധ്യാത്മിക പുരോഗതിക്കായി സഹജമാർഗ്ഗം എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിൻെറ ഒരു വലിയ ഉദാഹരണമായിരുന്നു.

മിഷൻ ജോയിൻറ് സെക്രട്ടറി എ.പി.ദുരൈ എല്ലാ പരിപാടികളിലും പങ്കെടുത്ത് എല്ലാവർക്കും പ്രചോദനം നൽകുകയുണ്ടായി. വൈകുന്നേരത്തെ സത്സംഗം നടത്തിയ അദ്ദേഹം അതിനു ശേഷം നടന്ന പ്രിസെപ്റ്റർമാരുടെ സെമിനാറിൻെറ അധ്യക്ഷത വഹിച്ചു.

## കട്ടക്ക്, ഒറീസ്സ

2 ദിവസമായി നടന്ന ആഘോഷങ്ങളിൽ ഒറീസ്സ സോണിലെ വിവിധ കേന്ദ്രങ്ങളിലെ 160 ഓളം അഭ്യാസികൾ പങ്കെടുത്തു.

ഫിബ്രുവരി ഒന്നാം തീയ്യതി സത്സംഗത്തിനുശേഷം നടന്ന പരിപാടികളിൽ മിഷൻെറ വളർച്ചയെ പ്രതിപാദിക്കുന്ന മാസ്റ്ററുടെ പ്രസംഗത്തിൻെറ മുഖ്യ ഭാഗങ്ങളും, ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യവും അതിൻെറ പരിണാമവും, മിഷനിലെ കാര്യങ്ങൾ എങ്ങനെ എല്ലാ അഭ്യാസികളെയും പങ്കാളികളാക്കിക്കൊണ്ട് ഊർജ്ജസ്വലപ്പെടുത്താം എന്നിവയെയൊക്കെ പറ്റിയുള്ള ചർച്ചകളായിരുന്നു അന്നു നടന്ന പരിപാടികൾ.

ഫിബ്രവരി 2–ാം തീയ്യതി സത്സംഗത്തിനുശേഷം ലാലാജി ഊന്നൽ നൽകിയ ഒഴിച്ചുകൂടാൻ പറ്റാത്ത സഹജ മാർഗ്ഗ തത്ത്വങ്ങളെപറ്റിയുള്ള സംഭാഷണം ഉണ്ടായിരുന്നു. തിരിച്ചൊന്നും പ്രതീക്ഷക്കാതെയുള്ള മറ്റുള്ളവർക്കായുള്ള സേവനം, അച്ചടക്കം, നമ്മുടെ ആന്തരിക പരിണാമത്തിനായി മാസ്റ്ററെ സഹായിക്കാൻ നമ്മളെ എങ്ങനെ വാർത്തെടുക്കാം എന്നീ കാര്യങ്ങളെപ്പറ്റി ഈ ദിവസം സംഭാഷണങ്ങൾ ഉണ്ടായിരുന്നു.

മാസ്റ്ററിലും മിഷനിലും എങ്ങനെ വിശ്വാസം വളർത്തിയെടുക്കാം എന്നതിനെപ്പറ്റിയുള്ള അഭ്യാസികളുടെ അനുഭവങ്ങളെയും, ആത്മപരിശോധനയെപ്പറ്റിയും ആയിരുന്നു അടുത്ത പരിപാടി. വൈകുന്നേരം കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടിയും ഉണ്ടായിരുന്നു. പങ്കെടുത്ത എല്ലാവർക്കും മാസ്റ്ററുടെ സാന്നിദ്ധ്യവും അദ്ദേഹത്തിൻെറ കൃപയും അവിടത്തെ അന്തരീക്ഷത്തിലെ ദൈവീകതയും അനുഭവവേദ്യമായി.

## മുംബൈ, മഹാരാഷ്ട്ര

മുംബൈ സെൻററിലെ കുറേ അഭ്യാസികൾ വളരെ ഉത്സാഹത്തോടുകൂടി ഈ പരിപാടിയിൽ പങ്കെടുത്തു. ഞായറാഴ്ച കാലത്തെ സത്സംഗത്തോടുകൂടി പരിപാടികൾക്ക് തുടക്കം കുറിച്ചു. അതിനുശേഷം ഭജൻ ആലാപനവും, ലാലാജി മഹാരാജൻെറ ജീവിതത്തെക്കുറിച്ചുള്ള പുസ്തകപാരായണവും തുടർന്ന് 'അഭ്യാസികളുടെ ധർമ്മം' എന്നതിനെക്കുറിച്ച് ഒരു സംഭാഷണവും സംഘടിപ്പിക്കുയുണ്ടായി. ഉച്ചയ്ക്ക് സൂഫി സന്യാസിമാരെക്കുറിച്ച് യുവാക്കൾ നടത്തിയ നാടകം പങ്കെടുത്തവരിൽ പല ചിന്തകളും ഉണർത്തി.

ഫിബ്രുവരി രണ്ടാം തീയ്യതി കാലത്തെ സത്സംഗത്തിനുശേഷം സഹോദരിമാർ ആലപിച്ച ഭജനും കുട്ടികൾ അവതരിപ്പിച്ച ഒരു നാടകവും അരങ്ങേറുകയുണ്ടായി. ഉച്ചയ്ക്ക് ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കി ഒരു സിനിമ പ്രദർശിപ്പിക്കുകയുണ്ടായി. ഇത് അദ്ദേഹത്തിൻെറ ദർശനങ്ങളെ ഉൾക്കൊള്ളാൻ എല്ലാവരെയും സഹായിച്ചു. വൈകുന്നേരത്തെ സത്സംഗത്തിനുശേഷം അവസാനിച്ച ഈ ദ്വിദിന പരിപാടിയിൽ പങ്കുചേർന്ന എല്ലാ അഭ്യാസികളും ആശ്രമത്തിലെ അനുരൂദായകമായ അന്തരീക്ഷം മുഴുവനായി ഉൾക്കൊണ്ടാണ് പിരിഞ്ഞു പോയത്.

## അഹമ്മെദ്നഗർ, മഹാരാഷ്ട്ര

ഈ പ്രത്യേക ദിവസത്തിൽ മഹരാഷ്ട്രയിലെ വിവിധ സെൻററുകളിൽ നിന്നായി ഏകദേശം 216 അഭ്യാസികൾ പരിപാടിയിൽ പങ്കെടുത്തു. കാലത്തെ സത്സംഗത്തിനുശേഷം ലാലാജിയുടെ സ്മരണയിൽ ഭജൻ, കുട്ടികളുടെ നാടകം, സംഭാഷണങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. ഇതിനോടൊപ്പം തന്നെ അഹമ്മെദ്നഗറിലെയും പരിസര പ്രദേശങ്ങളിലെയും ആത്മീയ കാംക്ഷികൾക്കായി ഒരു തുറന്ന സദസ്സും സംഘടിപ്പിക്കുകയുണ്ടായി. ശിർവാലിലെ സഹോ. ആർ.ഡി. കുൽകർണിയും സത്താരയിലെ സഹോദരി കാലെയുമാണ് ഈ തുറന്ന സദസ്സ് സംഘടിപ്പിച്ചത്.

ഈ ആഘോഷത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളെ സഹോ. സുഭാഷ് വൈദ്യ ഇങ്ങനെ വിശേഷിപ്പിച്ചു " മാസ്റ്ററിൽ നിന്നും നാം എന്തൊക്കെ നേടിയോ അതൊക്കെ നാം മറ്റുള്ളവരുമായി പങ്കുവെയ്ക്കേണ്ടിയിരിക്കുന്നു, അപ്പോഴേ മാസ്റ്ററുടെ അനുഗ്രഹം നമ്മിൽ എന്നെന്നേക്കുമായി നിലനിൽക്കുകയുള്ളൂ".

ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

സോണൽ തലത്തിലെ പരിപാടികൾ

മാർച്ച് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 2






## ധ്യാന മന്ദിരത്തിൻെറ ഉദ്ഘാടനം -വത്സാഡ്, ഗുജറാത്ത്

പൂജ്യ ലാലാജി മഹരാജിൻെറ ജന്മദിനാഘോഷവേളയിൽ സഹോദരൻ സി. രാജഗോപാലൻ വത്സാഡിലെ ധ്യാന മന്ദിരം ഉദ്ഘാടനം ചെയ്തു. ഇനി ഞായറാഴ്ചയിലെ സത്സംഗം ഇവിടെയായിരിക്കും. ദക്ഷിണ ഗുജറാത്തിലെ 300 ഓളം വരുന്ന അഭ്യാസികൾ ഈ ശുഭാവസരത്തിൽ സന്നിഹിതരായിരുന്നു. ലാലാജി മഹരാജിൻെറ വീഡിയോ ചിത്രം, അഭ്യാസി സഹോദരന്മാരുടെ പ്രഭാഷണങ്ങൾ, പ്രിസപ്റ്റർമാരുടെ യോഗം മുതലായവ ഇതിനോടനുബന്ധിച്ചുണ്ടായിരുന്നു.

ഒന്നര ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ഈ ആശ്രമം മുംബെയെയും ദില്ലിയെയും ബന്ധിപ്പിച്ചു കിടക്കുന്ന നാഷണൽ ഹൈവേ എട്ടിൽ നിന്നും നാലു കിലോമീറ്റർ മാറി വത്സാഡ് -ധരംപൂർ സ്റ്റേറ്റ് ഹൈവേയിൽ സ്ഥിതി ചെയ്യുന്നു. 250 ഓളം അഭ്യാസികൾക്ക് ഇരുന്നു ധ്യാനിക്കാൻ സൗകര്യമുള്ളതാണ് ഇവിടത്തെ ധ്യാന മന്ദിരം. കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലവും, ശൗചാലയവും, സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സ്ഥലവും ഈ ആശ്രമത്തിൽ ഉണ്ട്.

ധ്യാന മന്ദിരം ഉദ്ഘാടനം ചെയ്യുന്നതിനു മുമ്പായി സൂറത്ത്, നവസാരി, വാപി എന്നീ കേന്ദ്രങ്ങളിലും സത്സംഗം ഉണ്ടായി. തുടർന്ന് പ്രഭാഷണങ്ങളും നടന്നു.

## പ്രിഫക്റ്റ് ട്രെയിനിംഗ് പ്രോഗ്രാം( പി.ടി.പി ബാച്ച് 1)

ഈ പ്രോഗ്രാമിൻെറ ആദ്യ ബാച്ചിൻെറ പരിശീലനം, ദക്ഷിണ തമിഴ്നാട് സോൺ 2ബിയിൽനിന്നുള്ള പ്രിഫക്റ്റ്മാർക്കു വേണ്ടി മലമ്പുഴ റിട്രീറ്റ് കേന്ദ്രത്തിൽ വെച്ച് നടന്നു. 46 പ്രിഫക്റ്റർമാർ പങ്കെടുത്തു.

ആത്മീയ പരിശീലകന് അത്യാവശ്യം വേണ്ട ഗുണങ്ങൾ, പ്രിഫക്റ്റർമാരുടെ ജോലി, സംഘടിത പ്രവർത്തനവും രമ്യതയും എന്നിവയായിരുന്നു ഇവിടെ കൈകാര്യം ചെയ്ത വിഷയങ്ങൾ. അത്യധികം ശ്രദ്ധയോടു കൂടി തയ്യാറാക്കിയ വിഷയങ്ങൾ വളരെ സ്നേഹത്തോടെയും ഭംഗിയായും അവതരിപ്പിച്ചു. പങ്കെടുത്തവരുടെ ആത്മാർത്ഥതയുടെയും, കാര്യങ്ങൾ ഉൾകൊണ്ട രീതിയുടെയും വെളിച്ചത്തിൽ പരിപാടി വളരെ വിജയകരമായി എന്നാണ് പങ്കെടുത്തവരുടെ ഏകകണ്ഠമായ അഭിപ്രായം.

മലമ്പുഴ റിട്രീറ്റ് സെൻററിലെ സൗകര്യങ്ങളും, പ്രകൃതി രമണീയതയും, മറ്റും വളരെ വ്യത്യസ്തവും ഇത്തരം പരിപാടികൾക്ക് വളരെ അനുയോജ്യവുമാണ്.

പത്തുമണിക്കൂറോളം നീണ്ടുനിന്ന പരിപാടികൾക്കിടയിൽ ഭക്ഷണത്തിനും ലഘുഭക്ഷണത്തിനും വേണ്ടത്ര സമയം നൽകിയിരുന്നു.

ഈ രണ്ടു ദിവസത്തെ പരിപാടികളിൽ എല്ലാവരുടെയും ഹൃദയങ്ങളിൽ മാസ്റ്ററോട് അഗാധമായ കൃതജ്ഞത നിറഞ്ഞു നിന്നിരുന്നു. അദ്ദേഹത്തിൻെറ സ്നേഹവും, സാന്നിദ്ധ്യവും, സമ്മതവുമാണ് ഇത് സുഗമമാക്കിയത്.

## കേരള പ്രിഫക്റ്റ് സെമിനാർ- ആലുവ

ജനുവരി 31നും ഫെബ്രുവരി 1നുമായി ആലുവയിൽ വെച്ച് കേരളത്തിലുള്ള പ്രിഫക്റ്റർമാർക്കു വേണ്ടി ഒരു സെമിനാർ സംഘടിപ്പിച്ചു. സോണൽ സെക്രട്ടറി സഹോ. കെ.യു. മോഹനൻ അദ്ധ്യക്ഷം വഹിച്ചു. ചെന്നൈയിൽ വെച്ച് നടത്തിയ സോ.ഇൻ. ചാർജ് മാരുടെയും, സെ.ഇൻ. ചാർജ് മാരുടെയും മീറ്റിംഗിൽ ചർച്ച ചെയ്തവയിൽ പ്രധാന കാര്യങ്ങൾ പങ്കുവെക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു ഈ സെമിനാർ വിളിച്ചു കൂട്ടിയത്. ചെന്നൈയിലെ മീറ്റിംഗിൻെറ ഘടന തന്നെയായിരുന്നു ഇവിടെയും. മൂന്ന് മുഖ്യപ്രാസംഗികർ സെ.ഇൻ. ചാർജ്മാരുടെ ഉത്തരവാദിത്വങ്ങൾ, സ്വഭാവരൂപീകരണം, ആശ്രമങ്ങൾ, മിഷനിലെ വിവാഹങ്ങൾ, പുസ്തകവിൽപനയും പ്രസിദ്ധീകരണങ്ങളും, സുരക്ഷ, അക്കൗണ്ട്സ് മുതലായ പതിനൊന്നോളം വിഷയങ്ങൾ അവതരിപ്പിച്ചു. മിഷൻ പ്രവർത്തകരുടെ അറിവു വർദ്ധിപ്പിക്കുന്നതിനും, ജോലിയിൽ വ്യക്തമായ ദിശാബോധം ഉറപ്പാക്കുന്നതിനും ഈ മീറ്റിംഗ് ഉപയുക്തമായി.

## ഉത്തര കർണാടകയിലെ പ്രിഫക്റ്റ് സെമിനാർ



ഉത്തര കർണാടകയിലെ പ്രിഫക്റ്റർമാർക്കുവേണ്ടി ഒരു സെമിനാർ ഗുൽബർഗ ആശ്രമത്തിൽ വെച്ച് 2008 ഡിസംബർ 25ന് സംഘടിപ്പിച്ചു. 30 പ്രിഫക്റ്റർമാർ ഇതിൽ പങ്കെടുത്തു, പരിപാടിയിൽ സോ.ഇൻ. ചാർജ്. സഹോദരൻ കഷാംപുർക്കരുടെ പ്രഭാഷണവും ഉണ്ടായിരുന്നു. ജോലിയെപ്പറ്റിയുള്ള വിശകലനം, ഗ്രൂപ്പ് ചർച്ചകൾ, ചോദ്യോത്തരങ്ങൾ എന്നിവയായിരുന്നു മറ്റു വിഷയങ്ങൾ. അതേ തുടർന്ന് സെൻറർ തലത്തിൽ നടത്തേണ്ട തുറന്ന ചർച്ചകൾ,അഭ്യാസി ട്രെയിനിംഗ് പ്രോഗ്രാമുകൾ, മുഴുദിന പരിപാടികൾ, സമീപ കേന്ദ്രങ്ങളിലെ അഭ്യാസികൾക്ക് സിറ്റിംഗ് കൊടുക്കുന്നതിനുള്ള ചാർട്ടുകൾ, റിപ്പോർട്ടുകൾ മുതലായവയെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. പ്രിഫക്റ്റ് ജോലിയെക്കുറിച്ചുള്ള മാസ്റ്ററുടെ ഓഡിയോ സി.ഡി. വൈകുന്നേരം കേൾപ്പിച്ചു. തുടർന്ന് സത്സംഗമുണ്ടായി. സെമിനാർ കൊണ്ട് തങ്ങൾക്ക് ഗുണമുണ്ടായി എന്ന അഭിപ്രായം പങ്കെടുത്ത എല്ലാവർക്കുമുണ്ടായി. ഇത്തരം സെമിനാറുകൾ ആറുമാസത്തിലൊരിക്കലെങ്കിലും നടത്തണമെന്നും എല്ലാവരും അഭിപ്രായപ്പെട്ടു.



'ദൈവത്തിനും വ്യക്തികൾക്കും ഇടയിൽ നിൽക്കുന്ന ഒരേ ഒരു വസ്തു അഹങ്കാരമാണ് (ഈഗോ).അത് ഉപേക്ഷിച്ചാലോ വലിച്ചെറിഞ്ഞാലോ സമർപ്പിച്ചാലോ, ആ സ്ഥാനത്ത് നമുക്ക് ദൈവത്തെ (ഗോഡ്) ലഭിക്കുന്നു."-ചാരിജി.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽ തലത്തിലെ പരിപാടികൾ
മാർച്ച് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 2

## സ്വഭാവരൂപീകരണത്തിനു വേണ്ടിയുള്ള അഭ്യാസി പരിശീലന പരിപാടി



ആസ്സാമിലെ ഡിഗ്ബോയ് സെൻററിൽ ഒരു അഭ്യാസി പരിശീലന പരിപാടി ജനുവരി 4ന് സംഘടിപ്പിച്ചു. ടിൻ സുഖിയ, തേജ്പൂർ, ജോർഹട്ട്, സിബ് സാഗർ, ദുലിയാ ജാൻ, നഹർ കാട്ടിയ, ഡിബ്രുഗർ, ഡുംഡുമ മുതലായ സ്ഥലങ്ങളിലെ കേന്ദ്രങ്ങളിൽനിന്നും 200 ഓളം അഭ്യാസികൾ ഈ പരിപാടികളിൽ പങ്കെടുത്തു. മാസ്റ്ററുടെ സമീപകാലത്തുള്ള "സ്വഭാവരൂപീകരണം" എന്ന വിഷയത്തിൽ ഊന്നിയുള്ള പ്രസംഗങ്ങളായിരുന്നു ചർച്ചക്കാധാരം. "ഒരു വ്യക്തി ആദ്ധ്യാത്മികയിൽ എത്ര തന്നെ ഉന്നതിയിലെത്തിയാലും ആ വ്യക്തിക്ക് സദാചാരമില്ലെങ്കിൽ ആ വ്യക്തിയെ ആത്മീയതയുടെ ഗന്ധം പോലും സ്പർശിച്ചിട്ടില്ല" എന്ന ലാലാജിയുടെ പരാമർശത്തെ ആസ്പദമാക്കി ഗോഹട്ടി കേന്ദ്രത്തിലെ സഹോദരൻ സെൻ ഗുപ്ത ഒരു ഉപന്യാസം അവതരിപ്പിച്ചു. "നമ്മുടെ ആത്മീയ പുരോഗതിയുടെ ഉത്തരവാദിത്വം മാസ്റ്റർക്കാണെങ്കിൽ നമ്മുടെ സ്വഭാവവും കാഴ്ചപ്പാടും മാറ്റുന്നതിനുള്ള ഉത്തരവാദിത്വം നമുക്കാണ് ഉള്ളത്" എന്ന മാസ്റ്ററുടെ ഉദ്ബോധനവും ഊന്നിപ്പറഞ്ഞു. മാറ്റം ഉറപ്പ് വരുത്തുന്നതിന് നാം സത്യസന്ധരായിരിക്കണമെന്ന ബാബുജിയുടെ ഉപദേശം പരമപ്രധാനമാണെന്നും കൂട്ടിച്ചേർത്തു. അതിനുശേഷം നടന്ന ചോദ്യോത്തരവേളയിൽ കൂടുതലും ചെറുപ്പക്കാരാണ് പങ്കെടുത്തത്. ഇത് തങ്ങളോടുതന്നെ പ്രതിബദ്ധരാവുന്നതിന് അവിടെ സന്നിഹിതരായിരുന്ന അഭ്യാസികൾക്ക് പ്രചോദനമായി.

## ഭദ്രാവതി, കർണാടക

എം. വിശ്വേശ്വരയ്യ 1922 ൽ സ്ഥാപിച്ച ,ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യത്തെ ഉരുക്കു കമ്പനി ഭദ്രാവതിയിലായിരുന്നു. ഫെബ്രുവരി 2 ന് ഇവിടെ മിഷൻെറ ആദ്യത്തെ ആഘോഷം നടക്കുകയുണ്ടായി.

2008 ൽ 3 അഭ്യാസികളുമായി ആരംഭിച്ച ഈ കേന്ദ്രത്തിൽ മാസ്റ്ററുടെ അനുഗ്രഹത്താലും, അഭ്യാസികളുടെയും, സന്നദ്ധസേവകരുടെയും ഷിമോഗ, തിപ്പൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നുള്ള പ്രിസപ്റ്റർമാരുടെ നിരന്തര പ്രവർത്തനങ്ങളുടെയും ഫലമായി ഇപ്പോൾ 30 അഭ്യാസികളുണ്ട്.

സഹോദരി നാഗമണിയുടെ വീട്ടിലായിരുന്നു ആഘോഷങ്ങൾ സംഘടിപ്പിച്ചത്.സ്ഥലത്തെ അഭ്യാസികൾ പങ്കെടുത്തവർക്കായി ഭക്ഷണവും ഉറപ്പാക്കിയിരുന്നു, ബാംഗളൂർ കേന്ദ്രത്തിൽനിന്നുള്ള സഹോദരൻ പ്രമോദും സഹോദരി രൂപയുമാണ് പരിപാടികൾക്ക് നേതൃത്വം നൽകിയത്. ലാലാജിയുടെ വീഡിയോ ചിത്രപ്രദർശനം,പരിശീലനത്തെക്കുറിച്ചുള്ള ചർച്ചകൾ, മാസ്റ്റർമാരുടെ സുപ്രധാനപ്രബോധനങ്ങൾ മുതലായവ പങ്കെടുത്ത അഭ്യാസികളെദിവസം മുഴുവൻ പിടിച്ചു നിർത്തി.

യുവ സന്നദ്ധസേവകരുടെ ഉത്സാഹവും, ഒരു പരിപാടി ഈ പുതിയ കേന്ദ്രത്തിൽ നടത്തുകയെന്ന കാര്യത്തിൽ അഭ്യാസികൾ കാണിച്ച ആകാംക്ഷയും, തികച്ചും സന്തോഷദായകമായിരുന്നു.

## യൂത്ത് സെമിനാർ-ഭാവിയിലേക്കുള്ള തയ്യാറെടുപ്പ്



ജനുവരി 24 മുതൽ 26 വരെ ബാംഗ്ലൂരിൽ വെച്ച് മൂന്നു ദിവസത്തെ യൂത്ത്' സെമിനാർ സംഘടിപ്പിച്ചു."ഭാവിയിലേക്കുള്ള തയ്യാറെടുപ്പ്" എന്നതായിരുന്നു സെമിനാറിലെ വിഷയം. 18 നും 30 നും പ്രായത്തിലുള്ള 25 അഭ്യാസികൾ ഈ സെമിനാറിൽ പങ്കെടുത്തു. സത്സംഗം, പ്രഭാഷണങ്ങൾ ,തിരഞ്ഞെടുത്ത വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ മുതലായവ പരിപാടിയുടെ മുഖ്യ ഘടകങ്ങളായിരുന്നു. ആദ്യ ദിവസത്തെ ചർച്ചാവിഷയങ്ങൾ സ്വഭാവരൂപീകരണം, സംഘടിത പ്രവർത്തനം, സാഹോദര്യം, സഹജമാർഗ്ഗത്തിൻെറ അടിസ്ഥാന തത്വങ്ങൾ എന്നിവയായിരുന്നു. ഇതിലെ സന്ദേശം തങ്ങളുടെ ഹൃദയാന്തരാളത്തിൽ സ്പന്ദിക്കുന്നതായി അഭ്യാസികൾക്ക് അനുഭവപ്പെട്ടു.

രണ്ടാമത്തെ ദിവസം,മിഷൻെറ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അവതരണമുണ്ടായി. അതിനുശേഷം അഭ്യാസികൾ തങ്ങൾക്കിഷ്ടപ്പെട്ട മേഖലകളിൽ സ്വയം സന്നദ്ധരായി പ്രവർത്തിക്കാൻ തയ്യാറായി മുന്നോട്ട് വരികയും ആത്മാർത്ഥതയോടുകൂടി അതിൽ മുഴുകയും ചെയ്തു.

അഭ്യാസികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിനാണ് മൂന്നാമത്തെ ദിവസം സാക്ഷ്യം വഹിച്ചത്. തങ്ങളുടെ ജീവിതത്തിൽ മാസ്റ്ററുടെ സ്വാധീനം പ്രകടമായി അറിയുകയും ചെയ്തു. അഭ്യാസികളുടെ പലതരത്തിലുള്ള ആവിഷ്ക്കാരങ്ങളും, കൂട്ടായ്മയുടെ വിനോദങ്ങളും, ആത്മീയപരിവേഷമാർന്ന പ്രത്യേക സിനിമകളും ഈ സെമിനാറിൻെറ പ്രത്യേകതകളായിരുന്നു. ഉത്സാഹമുള്ളവരും മിഷനുവേണ്ടി പ്രവർത്തിക്കാൻ ധാരാളം ഊർജ്ജമുള്ളവരുമായ യുവതീ യുവാക്കളിലേക്ക് എത്താനുള്ള ഒരു സുപ്രധാന വഴി തെളിഞ്ഞു വരുന്നത് ഞങ്ങൾ കണ്ടു. ഇത് അവരുടെ ഊർജ്ജത്തെ ശരിയായ പാതയിൽ തിരിച്ചു വിടാൻ അവരെ സഹായിക്കും.

## ചന്ദ്രാപൂരിലെ അഭ്യാസി പരിശീലന പരിപാടി

ഹിന്ദിയിൽ ഒരു അഭ്യാസി പരിശീലന പരിപാടി 2008 ഡിസംബർ 28 ന് മഹാരാഷ്ട്രയിലെ ചന്ദ്രാപൂർ കേന്ദ്രത്തിൽ വെച്ച് നടത്തുകയുണ്ടായി. തങ്ങളുടെ പരിശീലനം കൂടുതൽ ആർജ്ജവത്തോടുകൂടി ചെയ്യുവാൻ ഇതൊരു പ്രചോദനമായി. സഹജമാർഗ്ഗവും തത്വചിന്തയുമായിരുന്നു മുഖ്യ വിഷയം. രാവിലത്തെ സത്സംഗത്തിനുശേഷം "ഈശ്വരനുമായി സമ്പർക്കം സ്ഥാപിക്കുക" എന്ന വിഷയത്തെക്കുറിച്ച് മാസ്റ്ററുടെ ഹിന്ദി വീഡിയോ പ്രദർശനം ഉണ്ടായി. ജീവിതലക്ഷ്യവും ഗുരുവിൻെറ പങ്കും, പ്രാർത്ഥന , ധ്യാനം, ശുദ്ധീകരണം,ഡയറി എഴുതുന്നതിൻെറ പ്രാധാന്യം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ തുടർന്നു നടന്നു. ഉച്ചക്കുശേഷം സാധനയുടെ വിവിധ വശങ്ങളെക്കുറിച്ച് പരാമർശിച്ച് ചിലർ സംസാരിച്ചു. അതിനുശേഷം സാധനയിൽ അഭ്യാസികൾക്കുള്ള താൽപര്യത്തെക്കുറിച്ചറിയുന്നതിനും, ശരിയായ സമീപനം ഉറപ്പ് വരുത്തുന്നതിനും വേണ്ടി ഒരു ചോദ്യാവലി അഭ്യാസികൾക്ക് നൽകുകയുണ്ടായി. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി സമാപിച്ചു.



ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
സോണൽ തലത്തിലെ പരിപാടികൾ
മാർച്ച് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 2





## ഔറംഗബാദിൽ കുട്ടികളുടെ ശിൽപശാല

2009 ജനുവരി 18നു ഔറംഗബാദിൽ കുട്ടികൾക്കുവേണ്ടി ഒരു ശിൽപശാല സംഘടിപ്പിച്ചിരുന്നു.5 നും 12 നും ഇടയിൽ പ്രായമുള്ള 22 കുട്ടികൾ അതിൽ പങ്കെടുത്തു.

ജീവിക്കാനാവശ്യമായ അറിവ് നേടുന്നതോടൊപ്പം ആഹ്ലാദവും സന്തോഷവും നിറഞ്ഞതായിരുന്നു ആ ദിവസം. പ്രാർത്ഥനക്കുശേഷം ചിത്രരചനാ മത്സരമാണ് ആദ്യം നടത്തിയത്. അതിനുശേഷം ചോദ്യോത്തരവും ചർച്ചയും ഉണ്ടായിരുന്നു.ആ സമയത്ത് കുട്ടികൾ പ്രകൃതിയെക്കുറിച്ചും അതിൻെറ മൂല്യത്തെക്കുറിച്ചും വിവരിച്ചു. എല്ലാ കുട്ടികളും ഇതിൽ സന്തോഷത്തോടുകൂടി പങ്കെടുത്തത് കാണാൻ ഹൃദ്യമായിരുന്നു. പ്രതീക്ഷ, സ്ഥിരോത്സാഹം,കൃതജ്ഞത എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കഥകൾ കുട്ടികൾക്ക് അവിടെ പറഞ്ഞുകൊടുത്തു.

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ ഫാക്കൽറ്റികൾക്കായുള്ള പരിപാടി - റാഞ്ചി

2009 ജനുവരി 3-4 തീയ്യതികളിൽ റാഞ്ചിയിൽ വെച്ച് സംസ്ഥാനത്താകമാനമുള്ള ഫാക്കൽറ്റികൾക്കായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി നടത്തി. ഝാർഖണ്ടിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ശക്തിപ്പെടുത്താനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പരിപാടി നടത്തിയത്.സഹോദരൻ അരുൺ ദവെയും സ. ലീനാ ദവെയും ചേർന്നു നടത്തിയ ഈ പരിപാടിയിൽ 59 പേർ പങ്കെടുത്തു. സെ. ഇൻ .ചാർജ്. ശ്രീ. ഭട്നാഗറും അരുൺ കുമാറും മനോജ്തിവാരിയും ഇതിൽ പങ്കെടുത്തു.മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എങ്ങനെ അവതരിപ്പിക്കണമെന്ന് അവിടെ ഉണ്ടായിരുന്ന അദ്ധ്യാപകർ ശ്രോതാക്കൾക്ക് വിവരിച്ചുകൊടുത്തു. ഈ പാഠ്യപദ്ധതി ഇതുവരെ നടപ്പിലാക്കപ്പെടാത്ത കേന്ദ്രങ്ങളിൽനിന്നു വന്നവർക്ക് ഇതു വളരെ ഉപയോഗപ്രദമായിരുന്നു.

സന്ദർഭം ലഭിക്കുമ്പോഴെല്ലാം ജീവിതമൂല്യങ്ങളെമറ്റുള്ളവരിലേക്ക് പകരുവാൻ സഹായിക്കുന്നതാണ് ഈ വിദ്യാഭ്യാസ പദ്ധതി എന്ന് അദ്ധ്യാപകർ സൂചിപ്പിച്ചു. ഈ പാഠ്യപദ്ധതി സ്കൂളുകളോടു ബന്ധപ്പെട്ടിട്ടുള്ളതാണെങ്കിലും അതു സ്കൂളുകളിൽ മാത്രം പരിമിതപ്പെട്ടിട്ടുള്ളതല്ല. അഭ്യാസിയുടെ ജീവിതത്തിൻെറ നാനാഭാഗത്തും ഇതു പ്രായോഗികമാക്കപ്പെടുത്തണം. സ്കൂൾ അദ്ധ്യാപകർ വഴി മാത്രമേ ഇതു വ്യാപിപ്പിക്കാൻ കഴിയൂ എന്നതിനാൽ സ്കൂൾ അദ്ധ്യാപകരെ ഇതിലേക്ക് ആകർഷിക്കുവാൻ പ്രയത്നിക്കണമെന്ന് സ. ദവെ പറഞ്ഞു. പൊതുവേദികളിൽ എപ്രകാരം സംസാരിക്കാമെന്നതിനെപ്പറ്റി ചില സൂചനകൾ സ.ലീന ദവെ നൽകി. വ്യക്തിയുടെ വളർച്ചയെപ്പറ്റിയും സന്തുലിതജീവിതത്തിൻെറ ആവശ്യകതയെപ്പറ്റിയും സ. മനോജ് സംസാരിച്ചു. ഈ പരിപാടികളിൽ പങ്കെടുത്തവർ അവർ തിരഞ്ഞെടുത്ത വിഷയത്തെപ്പറ്റി സംസാരിച്ചു. ആശയ വിനിമയം നടത്താനുള്ള അവരുടെ കഴിവിനെ മികവുറ്റതാക്കാൻ ഇത് സഹായിച്ചു.

തുടർന്നു കേന്ദ്രങ്ങളിലെ ഭാവി പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്തു. ഒരു വിഷയത്തെ അവതരിപ്പിക്കുമ്പോൾ കേൾക്കുന്നവരെ തൽപരരാക്കുന്നതിനായി കഥകൾ അവതരിപ്പിക്കാം എന്നു അഭിപ്രായപ്പെട്ടു.അദ്ധ്യാപകർക്ക് ഉപയോഗപ്പെടുന്ന രണ്ടു സീഡികൾ അടങ്ങിയ ഒരു പരിശീലന സഞ്ചി ഓരോ കേന്ദ്രത്തിനും നൽകി.



## ജീവിത സമ്മർദ്ദങ്ങൾ കൈകാര്യം ചെയ്യുന്ന വഴിയും സന്തുലിത വളർച്ചയും

മദ്ധ്യപ്രദേശിൽ പല സ്ഥലങ്ങളിലും (ഗുരു ദത്താത്രേയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടേക്നോളജി (ജി.ഡി.ഐ.ടി), ഇൻഡോർ യൂണിവേർസിറ്റി, രജഗാർ സെൻറർ ഉൾപ്പെടെ) സഹജമാർഗ്ഗ തുറന്ന സദസ്സുകൾ നടത്തി. ഈ പരിപാടികളെല്ലാം മാനസികസമ്മർദ്ദം എങ്ങനെ കൈകാര്യം ചെയ്യാം എന്നതിലും ജീവിതം എങ്ങനെ സന്തുലിതമാക്കാം എന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ആത്മീയ പരിശീലനത്തിൻെറ പ്രാധാന്യം ഈ പരിപാടികളിൽ ഒരു പ്രധാനവിഷയമായിരുന്നു. ചിട്ടപ്പെടുത്താത്ത മനസ്സാണ് സമ്മർദ്ദങ്ങൾക്ക് അടിമപ്പെടുന്നത്. അതിനാൽ ധ്യാനം വഴി മനസ്സിനെ ചിട്ടപ്പെടുത്തിയെടുക്കാം എന്നു പ്രതിപാദിച്ചു. നമ്മിൽ നിലനിൽക്കുന്ന നമ്മുടെ പ്രത്യേക വീക്ഷണങ്ങളും മുൻ വിധികളും നമ്മെ വഴി തെറ്റിക്കും. ആന്തരിക, ബാഹ്യതലങ്ങളിൽ സംതുലിതാവസ്ഥ കൈവരിക്കുവാൻ ആത്മീയത ഉപയോഗപ്പെടുന്നു.

ജി.ഡി.ഐ.ടി.യിൽ സഹജമാർഗ്ഗത്തെപ്പറ്റി നടത്തിയ പരിപാടിയിൽ 200 വിദ്യാർത്ഥികളും 30 അദ്ധ്യാപകരും പങ്കെടുത്തു. കുറാബാർ, ബയോറ എന്നീ കേന്ദ്രങ്ങൾക്കുവേണ്ടി രജ്ഗറിൽ അഭ്യാസികൾ ഒരു പരിപാടി സംഘടിപ്പിച്ചു. ഏകദേശം 125 പേർ അതിൽ പങ്കെടുത്തു. 35 പേർ പരിശീലനം തുടങ്ങി. മൊറേനയിൽ വേറൊരു പരിപാടി നടത്തിയതിൽ 83 പേർ പങ്കെടുത്തു. 33 പേർ പരിശീലനം തുടങ്ങുവാൻ താൽപര്യം കാണിച്ചു.

## ഷോലാപൂർ എഞ്ചിനിയറിംഗ് കോളേജിൽ സഹജമാർഗ്ഗം

ഷോലാപൂർ(മഹാരാഷ്ട്ര) ഗവ. മെഡിക്കൽ കോളേജിലെ അഭ്യാസികളായ വിദ്യാർത്ഥികൾക്കായി ജനുവരി 19,20 തീയ്യതികളിൽ സഹജമാർഗ്ഗപദ്ധതി അവതരിപ്പിച്ചു. ഓരോ ദിവസവും ഏകദേശം 300 വിദ്യാർഥികൾ പങ്കെടുത്തു. യുവാക്കളായ സഹജമാർഗ്ഗ അഭ്യാസികൾ വളരെ വ്യക്തവും സരളവുമായ വിധത്തിൽ ധ്യാനത്തിൻെറ (പ്രത്യേകിച്ച് സഹജമാർഗ്ഗത്തിലെ ധ്യാനത്തിൻെറ) ആവശ്യകതയെപ്പറ്റിയും ഉപയോഗത്തെപ്പറ്റിയും ശ്രോതാക്കൾക്ക് വിവരിച്ചു കൊടുത്തു. അനുഭവവും വിശ്വാസവും ഉള്ള സമവയസ്കരിൽ നിന്നും സഹജമാർഗ്ഗത്തെപ്പറ്റി കേൾക്കുമ്പോൾ ശ്രോതാക്കളിൽ പൂർണ്ണ അംഗീകാരം ഉത്ഭവമാകുന്നതായി കണ്ടു. പ്രഭാഷണത്തിനുശേഷം ചോദ്യോത്തര പംക്തിയും ഉണ്ടായിരുന്നു. ഇതിൻെറ ഫലമായി ഏകദേശം 120 വിദ്യാർത്ഥികൾ ഇതിൽ ചേരുവാൻ താൽപര്യം കാണിച്ചു. അവർക്കെല്ലാവർക്കും നമ്മുടെ ലഘുവിവരണ പ്രസിദ്ധീകരണം നൽകി. പരിശീലനം തുടങ്ങുവാൻ താൽപര്യം ഉള്ളവർക്ക് ഹോസ്റ്റലിൽ വെച്ച് സിറ്റിംഗ് കൊടുക്കുവാൻ അധികാരികളുടെ അനുമതിയോടുകൂടി ഏർപ്പാട് ചെയ്തു. ഈ എഞ്ചിനിയറിംഗ് കോളേജിൽ ഇത്ര നല്ല ഒരു പ്രതികരണം ലഭിച്ചത് സംഘാടകർക്ക് മറ്റൊരു എഞ്ചിനീയറിംഗ് കോളേജിൽ (ബി.എം.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഷോലാപൂർ) ഇത്തരം ഒരു പരിപാടി നടത്താൻ പ്രചോദനം നൽകി. കോളേജ് അധികാരികൾ ഈ അപേക്ഷ അംഗീകരിച്ചിട്ടുണ്ട്. വളൻറിയർമാർ അവർക്ക് ലഭിക്കുന്ന പ്രതിഫലം കൂടുതൽ ജോലിയാണ് എന്ന തത്വം അംഗീകരിച്ച് പൂജ്യ മാസ്റ്ററോട് കൃതജ്ഞതയുള്ളവരായിത്തീർന്നു.

## അഭ്യാസികളോട് ബന്ധം സ്ഥാപിക്കൽ



ചെന്നൈയിൽ ഏകദേശം 8500 അഭ്യാസികളുണ്ട്. മണപ്പാക്കം ആശ്രമത്തിൽ ഞായറാഴ്ച ഏകദേശം 2500 അഭ്യാസികൾ പങ്കെടുക്കാറുണ്ട്. ഡിസംബർ 28ന് ക്രോംപേട്ട് ഉപകേന്ദ്രം ഒരു പരിപാടി സംഘടിപ്പിച്ചു. ഏകദേശം 120 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. രണ്ടു പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒന്ന് പരിശീലനത്തെ പ്രതിപാദിക്കുന്ന പ്രഭാഷണമായിരുന്നു. രണ്ടാമത്തേത് ഒരു സഹോദരി സഹജമാർഗ്ഗത്തിൽ തനിക്കുണ്ടായ അനുഭവത്തെപ്പറ്റിയും പരിശീലനത്താൽ തനിക്കുണ്ടായ പ്രയോജനത്തെപ്പറ്റിയും സംസാരിച്ചു. അതിനുശേഷം നടന്ന ചോദ്യോത്തരവേള സംശയ നിവാരണത്തിനും പരിശീലനത്തെപ്പറ്റിയുള്ള വ്യക്തതയും, ചിട്ട വെച്ചുള്ള പരിശീലനത്തിൻെറ ആവശ്യകതയെപ്പറ്റി ഊട്ടി ഉറപ്പിക്കുവാനും സഹായിച്ചു. രണ്ടു മണിക്കൂർ നീണ്ടു നിന്ന ഈ പരിപാടി അവസാനിച്ചത് സത്സംഗത്തോടുകൂടിയായിരുന്നു.

വിൽപനക്കുശേഷം നടത്തുന്ന സേവനത്തെപ്പറ്റി മാസ്റ്റർ ആവർത്തിച്ചു പറയാറുണ്ട്. എല്ലാ അഭ്യാസികളും പരിശീലനം തുടങ്ങുന്നത് ആന്തരിക ആവശ്യം കാരണമാണ്. അവരവരുടെ സാധന സ്ഥിരപ്പെടുത്തുവാനായി ഓരോ അഭ്യാസിയുമായി ബന്ധപ്പെടുന്നത് അവർക്ക് ചെയ്യുന്ന സഹായത്തിൻെറ ഒരു പ്രധാന ഭാഗമാണ്. ഈ ഉദ്ദേശ്യം ഈ പരിപാടിയാൽ സഫലീകരിക്കപ്പെട്ടു എന്നു തോന്നുന്നു.

## ആത്മീയ ജീവിതത്തിൻെറ അടിത്തറയായി വ്യക്തിപരമായ സ്വഭാവം

ന്യൂ പന്വേലിലെ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ ഡിസംബർ 13–14 തീയ്യതികളിൽ, 30നും 50നും ഇടയിൽ പ്രായമുള്ള അഭ്യാസികൾക്കായി സ. അജയ് ഭട്ടർ രൂപപ്പെടുത്തി എടുത്ത മേൽ പറഞ്ഞ വിഷയത്തെ കുറിച്ച് ഒരു പരിശീലനപരിപാടി നടത്തി.

2008 ഒക്ടോബറിൽ യുവ അഭ്യാസികൾക്കായി പൂനയിൽ വെച്ച് നടത്തിയ ഒരു പരിപാടിയുടെ പ്രചോദനത്താൽ പൻവേലിൽ അതേമാതിരി പരിപാടി മുതിർന്നവർക്കായി നടത്തി. അദ്ദേഹത്തിനെ മാത്രം ശ്രദ്ധിക്കുക, സ്വഭാവം ജീവനെ സംരക്ഷിക്കുന്നു, സഹജമാർഗ്ഗം നിങ്ങളിൽകൂടി തെളിയട്ടെ, സാഹോദര്യം, അർഹിക്കാൻ സേവിക്കുക തുടങ്ങിയ ആശയങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് രൂപപ്പെടുത്തിയ പ്രഭാഷണങ്ങൾ ,പരിശീലനങ്ങൾ, കളികൾ, അവതരണങ്ങൾ എന്നിവ ഈ പരിപാടിയിൽ ഉണ്ടായിരുന്നു. പൂനാ,നാസിക്, തുടങ്ങിയ കേന്ദ്രങ്ങളിലുള്ള അഭ്യാസികളും ഇതിൽ പങ്കെടുത്തു.

ആത്മപരിശോധനക്കും, ഡയറി എഴുതുവാനും സമയം ഉണ്ടായിരുന്നു. എങ്കിലും ഈ രണ്ട് ദിവസങ്ങളും വിവിധയിനം പരിപാടികളാൽ നിറഞ്ഞതായിരുന്നു. സ, അജയ് ഭട്ടറുമായി ചർച്ച ചെയ്തു തീരുമാനിച്ച ഈ വിഷയങ്ങൾ വളരെ ലാഘവമായും ഭംഗിയായും പ്രത്യക്ഷപ്പെടുന്നതുപോലെ ബന്ധിക്കപ്പെട്ടവയായിരുന്നു. വാസ്തവത്തിൽ രണ്ട് ദിവസങ്ങൾ മതിയാവാത്തതു പോലെ എന്നു തോന്നി. വീണ്ടും ഇത്തരം പരിപാടികൾ വേണം എന്ന അഭിപ്രായത്തോടുകൂടി ഈ പരിപാടി അവസാനിച്ചു.

## വടക്കൻ ആന്ധ്രയിൽ കൽക്കരി സമ്പുഷ്ട പ്രദേശങ്ങളിൽ ഒത്തുചേരൽ

കൽക്കരി സമ്പുഷ്ട പ്രദേശങ്ങൾ എന്നു പൊതുവെ പറയപ്പെടുന്ന വടക്കൻ ആന്ധ്രയിൽ ഏകദേശം 50 കി.മി. ചുറ്റളവിൽ മിഷൻെറ കുറച്ച് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിർമ്മിച്ച എല്ലാ ആശ്രമങ്ങളും കൽക്കരിഘനിയിലെ അധികാരികളുടെ സഹായത്തോടെ നിർമ്മിച്ചവയാണ്. അവരിൽ പലരും സഹജമാർഗ്ഗ അഭ്യാസികളാണ്. ഈ കേന്ദ്രങ്ങൾക്കെല്ലാം മദ്ധ്യത്തിലാണ് ജെയ്പൂർ. അവിടെ മിഷന് 10.5 ഏക്കർ സ്ഥലമുണ്ട്. അതിനുചുറ്റും അഭ്യാസികൾക്ക് വീട് പണിയാനുള്ള സ്ഥലവുമുണ്ട്.

ജനുവരി 25ന് ഞായറാഴ്ച മാഞ്ചേരിയൽ എന്ന സ്ഥലത്ത് ഉള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ ആദ്യത്തെ സത്സംഗത്തിൽ പങ്കെടുക്കാനായി ചുറ്റുമുള്ള കേന്ദ്രങ്ങളിൽ നിന്ന് ഏകദേശം 200 അഭ്യാസികൾ സന്നിഹിതരായിരുന്നു. വടക്കെ ആന്ധ്രയിലെ സോ.ഇൻ.ചാർജ് ഉൾപ്പെടെ കുറെ അഭ്യാസികൾ ഹൈദരാബാദിൽനിന്നും യാത്ര ചെയ്ത് ഇവിടെ എത്തിയിരുന്നു.

ഈ ഒത്തു ചേരലിനുശേഷം ഗൊലേട്ടി എന്ന പുതിയ സ്ഥലത്ത് ഒത്തുചേരൽ ഉണ്ടായിരുന്നു. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ കേന്ദ്രത്തിൽ ഇരുപതിലധികം അഭ്യാസികൾ മിഷനിൽ ചേർന്നിട്ടുണ്ട്. അവിടെയുള്ള കൽക്കരിഘനിയിലെ അധികാരികളിൽനിന്നും സഹായം ലഭ്യമാണ്. ഇപ്പോൾ അവിടെയുള്ള ഒരു പഴയ കെട്ടിടം മിഷൻെറ ഉപയോഗത്തിനായി കേടുപാടുകൾ തീർത്തു കൊണ്ടിരിക്കുകയാണ്. ഗൊലേട്ടിയിലെ സത്സംഗത്തിനുശേഷം ഒരു കൂട്ടം അഭ്യാസികൾ ബലിയാംപള്ളിയിലെ ആശ്രമത്തിലേക്ക് യാത്ര ചെയ്തു. ബലിയാംപള്ളി സത്സംഗത്തിൽ 80ൽ അധികം പേർ പങ്കെടുത്തു. അന്നു രാത്രി ഈ അഭ്യാസികൾ ഗോദാവരിക്കാനിയിൽ താമസിച്ചു.

പിറ്റേ ദിവസം 26ന് രാവിലെ 6.30ന് സത്സംഗം ഗോദാവരിക്കാനിയിൽ ആയിരുന്നു. പ്രഭാത ഭക്ഷണത്തിനുശേഷം ഈ അഭ്യാസികൾ ജയ്പൂരിലെ ഗോദാവരി നദിയുടെ തീരത്തുള്ള ആശ്രമ സ്ഥലത്തേക്ക് യാത്ര തിരിച്ചു. അവിടെ അരയാൽ മരങ്ങളുടെയും വേപ്പുമരങ്ങളുടെയും ചുവട്ടിൽ വെച്ചായിരുന്നു രാവിലെ 10 മണിക്ക് സത്സംഗം നടത്തിയത്. അവിടമെല്ലാം മാസ്റ്ററുടെ ചൈതന്യം നിറഞ്ഞതായി കാണപ്പെട്ടു.

## ജമ്മുവിൽ പരിശീലകർക്കുള്ള പരിശീലനപരിപാടി

സഹജമാർഗ്ഗത്തെ പൊതുജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കാൻ താൽപര്യവും കഴിവും ഉള്ളവർക്കായി 2008 ഡിസംബർ 27 മുതൽ മൂന്ന് ദിവസം ജമ്മുവിൽ ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി. 24 പേർ ഇതിൽ പങ്കെടുത്തു. അതിൽ 7 പേർ ജമ്മുവിൽ നിന്നും ഹിമാചലിൽനിന്നുമുള്ള പ്രിസപ്റ്റർമാരായിരുന്നു. ഇവർക്കെല്ലാവർക്കും സംസാരിക്കേണ്ട വിഷയം ഒരാഴ്ച മുമ്പു തന്നെ നൽകിയിരുന്നു. ദില്ലിയിൽനിന്നും വന്ന 4 പരിശീലകർ പരിപാടി നടത്തി. അവർ, പങ്കെടുത്ത 24 പേരുമായി ചർച്ച നടത്തിയതിനുശേഷം അവരിൽ ഓരോരിത്തരിലും നിലനിൽക്കുന്ന കഴിവുകളും, ദൗർബ്ബല്യങ്ങളും എന്തെല്ലാമാണെന്നും അവ എങ്ങനെ പരിഹരിക്കാമെന്നും വിവരിച്ചു കൊടുത്തു. സഹജമാർഗ്ഗം ശരിയായി മനസ്സിലാക്കുന്നതിനും, ആത്മീയ ഗുണമേന്മ വളർത്തുന്നതിനും ഈ പരിപാടി പ്രയോജനപ്പെട്ടു എന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.




ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
പ്രകാശ കേന്ദ്രങ്ങൾ
മാർച്ച് 2009 സ്വകാര്യ പ്രചരണത്തിനു വേണ്ടി മാത്രം വാല്യം 2 ലക്കം 2



## ഷാജഹാൻപൂർ ആശ്രമം

തൻെറ ഗുരുവായ ഫത്തേഗറിലെ ലാലാജി മഹാരാജിനോടുള്ള ബാബൂജിയുടെ സ്നേഹത്തിൻെറ നിദാനമാണ് ഷാജഹാൻപൂർ ആശ്രമം. ആശ്രമത്തിന് അനുയോജ്യമായ ഒരു സ്ഥലം കണ്ടുപിടിക്കുന്നതുമുതൽ നിർമ്മാണത്തിനടക്കം എല്ലാത്തിലും ബാബുജി അതീവ ശ്രദ്ധ കാണിച്ചിരുന്നു. 'ഷാജഹാൻപൂർ – സഹജമാർഗ്ഗ പദ്ധതിയുടെ ജന്മസ്ഥലം' എന്ന ശിലാശാസനം മാർബിൾ ഫലകത്തിൽ സ്ഥാപിക്കുന്നതിന് ബാബുജി ഉത്തരവിട്ടിരുന്നു. ഷാജഹാൻപൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും 8 കി.മി.ഉം റോഡ്‌വേയ്സ് ബസ് സ്റ്റാൻറിൽനിന്ന് 7കി.മി.ഉം അകലെയാണ് ഷാജഹാൻപൂർ ആശ്രമം.



15 ഏക്രയോളം സ്ഥലമുള്ള ഷാജഹാൻപൂർ ആശ്രമം നാഷണൽ ഹൈവേ 24ഉം ഷാജഹാൻപൂർ ഹാർദ്ദോയ് റോഡും കൂടിചേരുന്നിടത്താണ് സ്ഥിതി ചെയ്യുന്നത്. 'ധ്യാൻ കക്ഷ്' എന്ന പേരിൽ അറിയപ്പെടുന്ന ധ്യാന മന്ദിരം ബാബുജിയുടെ മേൽനോട്ടത്തിൽ 1973–1976 കാലഘട്ടത്തിലാണ് നിർമ്മിച്ചത്. ഈ ധ്യാന മന്ദിരം 1976 ഫെബ്രുവരി 5 ന് ബസന്ത് ആഘോഷ വേളയിൽ തൻെറ ഗുരു ലാലാജിക്കായി ബാബൂജി സമർപ്പിക്കുയായിരുന്നു.



800 അഭ്യാസികൾക്ക് ഇരുന്ന് ധ്യാനിക്കാൻ ഈ ധ്യാന മന്ദിരത്തിൽ ഇടമുണ്ട്. മൂന്നു വശങ്ങളിലും വരാന്തയും കിഴക്കു വശത്ത് ഒരു മണ്ഡപവും ഉണ്ട്. വേദിക്ക് പുറകിലുള്ള ചുമരിൽ പ്രത്യേകതരം ചില്ലിൽ നിർമ്മിച്ച മിഷൻെറ ചിഹ്നവും ഉണ്ട്. കാനഡയിൽ നിന്നുള്ള ഒരു അഭ്യാസിയുടെ സംഭാവനയാണിത്. കിഴക്കുഭാഗത്തായുള്ള ഈ ചിഹ്നം സൂര്യോദയത്തിൽ പല നിറങ്ങളിലായി കാണാനാകും. ആകർഷകമായ നിലം പച്ച മാർബിളിൽ നിർമ്മിച്ചിരിക്കുന്നു. ഇത് അഹമ്മദാബാദിനടുത്തുള്ള 'അംബാജി മലകളിൽ' നിന്നും കൊണ്ടുവന്നതാണ്. ശൈത്യകാലത്ത് ആവശ്യത്തിന് ചൂടും വേനൽക്കാലത്ത് തണുപ്പും സ്വാഭാവികമായി ലഭ്യമാകുന്ന രീതിയിലാണ് ഈ ഹാൾ നിർമ്മിച്ചിരിക്കുന്നത്. ഈ ഹാളിനു ചുറ്റും,പുറത്ത് ആഗ്രാ കല്ലുകൾ പതിച്ച നിലത്തോടുകൂടിയ പ്ലാറ്റ്ഫോം ഉണ്ട്. ചുറ്റുമുള്ള ചുമർ വെള്ള ആഗ്രാ കല്ലുകളാൽ മൂടപ്പെട്ടവയാണ്.



ലളിതമായി പണിത ഇരുനിലകെട്ടിടത്തിൽ, താഴത്തെ നിലയിൽ, പുരുഷന്മാർക്കും സ്ത്രീകൾക്കുമായി രണ്ടു ഡോർമിറ്ററികൾ ഉണ്ട്. മുകൾനിലയിൽ 14 മുറികളുണ്ട്. ഇവയിൽ ഒരു മുറി, തൻെറ വന്ദ്യപിതാവായ റായ് ബഹാദൂർ ശ്രീ ബദ്രി പ്രസാദ്ജിയുടെ സ്മരണയ്ക്കായി ബാബുജി സംഭാവന ചെയ്തതാണ്. തൻെറ അമ്മ ജാനകിയുടെ സ്മരണാർത്ഥം ചാരിജിയും ഒരു മുറി സംഭാവന ചെയ്തിട്ടുണ്ട്.

ഈ ആശ്രമത്തിൽ തന്നെയാണ് ബാബുജി മഹരാജിൻെറ സമാധി സ്ഥലം. വിശാലമായ അടുക്കളയും,ഭക്ഷണശാലയും ഇവിടെയുണ്ട്. ധ്യാനഹാളിൻെറ ഇരു വശങ്ങളിലായി ബാബുജിയുടെ വസതിയും, മാസ്റ്ററുടെ വസതിയും സ്ഥിതി ചെയ്യുന്നു.



ആശ്രമത്തിൻെറ പടിഞ്ഞാറുവശത്തുള്ള രണ്ടു പ്രധാന കവാടങ്ങൾക്കിടയിൽ ഒരു ജലധാരാ യന്ത്രം ഉണ്ട്. മുക്കോണാക്രിതിയിലുള്ള തൂണിൽ, ചെമ്പു തകിട് ചുറ്റും പതിച്ച,ചുവന്ന കല്ലിൽ നിർമ്മിച്ച മിഷൻ ചിഹ്നത്തെ ചുറ്റി വിവിധ വർണ്ണങ്ങളിലുള്ള ജലധാരാ പ്രവാഹവും ഉണ്ട്. വാസ്തുശിൽപകലയുടെ ഭംഗി കൂട്ടുമാറ് ഈ ജലധാരാ യന്ത്രത്തിൻെറ ഇരു വശങ്ങളിലുമായി നാലു കമാനങ്ങളുമുണ്ട്.

ആശ്രമപരിസരം,പുൽത്തകിടികളും,മരങ്ങളും കുറ്റിക്കാടുകളും ഔഷധസസ്യങ്ങളും നിറഞ്ഞ് പച്ച പിടിച്ചു കിടക്കുന്നു. ഇവിടെ വിവിധ ഇനങ്ങളിലുള്ള പക്ഷികൾ പാർക്കുന്നുമുണ്ട്. ബാബുജി മഹാരാജ് നട്ട കദം വൃക്ഷം കഴിഞ്ഞ 33 വർഷമായി തഴച്ചു വളർന്നു നിൽക്കുന്നു.





**To subscribe to this Newsletter please visit**
**http://www.srcm.org/centers/as/in/newsletter/index.jsp**
**For feedback, suggestions and news articles please send email to**
**in.newsletter@srcm.org**

© 2009 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This Newsletter is intended exclusively for the members of SRCM.